# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T 3658 — 15.07.2015 ൽ മറുപടി നൽകേണ്ടിയിരുന്നത്

### ഒ.ഇ.സി. ആനുകൂല്യങ്ങൾ ഒ.ബി.സി. വിഭാഗത്തിനും നൽകുവാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജെയിംസ് മാത്യു : | | ശ്രീ. എ.കെ. ബാലൻ (പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) | 2014 -ലെ സർക്കാർ വിജ്ഞാപനം വഴി ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾക്ക് ഒ.ബി.സി. വിഭാഗത്തിലെ എത്ര ജാതി വിഭാഗങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട് ; | (എ) | മുപ്പത് സമുദായങ്ങൾക്കും അവയുടെ ഉപജാതികൾക്കും ആറ് ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി ഒ.ഇ.സി. ആനുകൂല്യം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| ബി) | പ്രസ്തുത ജാതി വിഭാഗത്തിന് വിജ്ഞാപനം വഴി ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കയാണ് ; അവ എന്നു മുതൽ വിതരണം ചെയ്യാനാണ് വിജാഞാപനം ചെയ്തിട്ടുള്ളത് ; | (ബി) | സംസ്ഥാനത്തെ മറ്റർഹ വിഭാഗം (ഒ.ഇ.സി) വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അതേ നിരക്കിൽ അനുവദിക്കുന്നു. സർക്കാർ അംഗീകരിച്ച കോഴ്സ് ഫീസ്, മാൻഡേറ്ററി ഫീസുകൾ എന്നിവയ്ക്ക് പുറമേ ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും അനുവദിക്കുന്നു. (നിരക്ക് അനുബന്ധമായി നൽകുന്നു). ഉത്തരവ് തീയതി മുതൽ ആനുകൂല്യത്തിന് അർഹതയുണ്ട്. |
| (സി) | കഴിഞ്ഞ വർഷം ഏതെങ്കിലും പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നൽകിയിട്ടുണ്ടോ ; എങ്കിൽ ഈയിനത്തിൽ ചെലവഴിച്ച തുക എത്ര ; | (സി) | ഉണ്ട്.<br>2014-15 - 11,48,60,759/- രൂപയും<br>2015-16 - 18,67,93,887/- രൂപയും<br>2016-17 - 3,69,96,220/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ആനുകൂല്യം നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; ആയത് എന്ന് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ ; വിതരണം ചെയ്യുന്നത് വരെ വിദ്യാർത്ഥികളിൽ നിന്ന് മുഴുവൻ ഫീസും ഈടാക്കാൻ ശ്രമിക്കുന്ന സ്ഥാപനങ്ങളെ രേഖാ മൂലം പ്രസ്തുത വിവരം അറിയിക്കുമോ ; | (ഡി) | കഴിഞ്ഞ വർഷം ഇ-ഗ്രാന്റ്സ് മുഖേന അപേക്ഷ സമർപ്പിച്ച് അനുമതി ഉത്തരവായ എല്ലാപേർക്കും ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷം (2015-16 -ൽ) ഇത് വരെ 89.5 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. എസ്.സി/എസ്.റ്റി/ഒ.ഇ.സി. ആനുകൂല്യം അനുവദിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും പി.റ്റി.എ. ഫണ്ട് ഒഴികെ ഒന്നും വാങ്ങരുതെന്ന് പൊതുവായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (ഇ) | കഴിഞ്ഞ വർഷം ഈ ആനുകൂല്യത്തിനർഹതപ്പെട്ടവരിൽ നിന്നും സ്ഥാപനങ്ങൾ മുഴുവൻ ഫീസും ഈടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | (ഇ) | ഉത്തരവ് നടപ്പാക്കിയപ്പോൾ ആദ്യഘട്ടത്തിൽ ഉണ്ടാകുന്ന പരിമിതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വരും വർഷങ്ങളിൽ അത്തരത്തിൽ ആവർത്തിക്കാതെ ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ